പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2154 07.12.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയിലെ പഞ്ചിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഭവനിലുൾപ്പെടെ ഏതൊക്കെ ഡിപ്പോകളിൽ ജീവനക്കാരുടെ വരവ് പോക്ക് രേഖപ്പെടുത്തുന്ന പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ; | (എ) | നിലവിൽ കേന്ദ്ര ഓഫീസിൽ പഞ്ചിംഗ് സംവിധാനം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മറ്റു 70 യൂണിറ്റുകളിൽ ഇതിന്റെ വിവരശേഖരണം നടന്നുവരികയും പഞ്ചിംഗ് ഡിവൈസ് സ്ഥാപിക്കുകയും പരീക്ഷണാടിസ്ഥാനത്തിൽ പഞ്ചിംഗ് പരിശോധിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത സംവിധാനം കെ.എസ്. ആർ.ടി.സി.യിൽ നടപ്പാക്കുന്നതെങ്ങനെയെന്നും ഇതിന്റെ ഉദ്ദേശം എന്താണെന്നും വിശദമാക്കുമോ; | (ബി) | സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് പ്രസ്തുത സംവിധാനം കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കുന്നത്. ജീവനക്കാരുടെ ഹാജർ വിവരങ്ങളിൽ കൃത്യത ഉറപ്പുവരുത്താനും താമസിച്ചുവരികയോ, നേരത്തെ പോകുകയോ ചെയ്താൽ ആ വിവരം കൃത്യമായി അറിയുവാനും കഴിയും. ഇതോടൊപ്പം ഫോട്ടോ പതിച്ച ആർ.എഫ്.ഐ.ഡി സംവിധാനത്തോടു കൂടിയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്നു. ഈ തിരിച്ചറിയൽ കാർഡ് യാത്രാ പാസായും ഉപയോഗിക്കുവാൻ കഴിയും വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. |
| (സി) | ഉദ്യോഗസ്ഥരുടെ ജോലി സമയത്തെ കൃത്യത പരിശോധിക്കുന്ന സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | 2015 ഡിസംബർ 1 മുതലാണ് കേന്ദ്ര ഓഫീസിൽ പ്രാവർത്തികമാക്കിയത്. മറ്റു യൂണിറ്റുകളിൽ പരീക്ഷണഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ; | (ഡി) | പഞ്ചിംഗ് പരിശോധനയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്കെതിരെ ഇതുവരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഇ) | ഇവിടെ പഞ്ചിംഗ് സംവിധാനം നിലനിർത്തുന്നതിന് ഗവൺമെന്റിന് ആലോചനയുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പഞ്ചിംഗ് സംവിധാനം തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ